"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- പരവൂർ നഗരസഭയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന- പ്ലാൻ സെക്ഷൻ ക്ലർക്ക് ആർ.കുമാറിനെതിരായ അച്ചടക്കനടപടി- അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1842/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 24/09/2021

പരാമർശം:-

1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 08.05.2020 തീയതിയിലെ ഇ3(എസ്.സി 17/20/കൊല്ലം) 6542/2020 നം. കത്ത്
2. സർക്കാരിന്റെ 20.01.2021 തീയതിയിലെ ഇയു2/286/2020/ തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ
3. നഗരകാര്യഡയറക്ടറുടെ 23.07.2021 തീയതിയിലെ വി1-2295/2021 നമ്പർ കത്ത്

**ഉത്തരവ്**

പരവൂർ നഗരസഭ, ഫയർ സ്റ്റേഷനുവേണ്ടി കൂടിയ വിലയ്ക്ക് വസ്തു വാങ്ങിയതായ ആരോപണം സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ പരിശോധനയിൽ മേൽ വിഷയത്തിൽ പരവൂർ നഗരസഭയിലെ പ്ലാൻ സെക്ഷൻ ക്ലർക്ക് ശ്രീ.ആർ.കുമാർ-ന്റെ ഭാഗത്ത് നിന്നും അപാകതകൾ കണ്ടെത്തിയതിന്റെയടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതിൻ പ്രകാരം ശ്രീ.ആർ.കുമാറിനെതിരെ അച്ചടക്ക നടപടി സ്വീകരിച്ചതിന്റെ ഭാഗമായി പരാമർശം 2 പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റാരോപണ മെമ്മോ നൽകിയിരുന്നു.

2. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ.ആർ.കുമാർ സമർപ്പിച്ച പ്രതിവാദപത്രിക വിശദമായി പരിശോധിച്ചു. ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിരിക്കുന്നത് KCS (CC&A) Rule 15 പ്രകാരമാണ് എന്നതിനാൽ പ്രസ്തുത ചട്ടത്തിലെ 15 (b) പ്രകാരമുള്ള അന്വേഷണം നടത്തേണ്ടതുണ്ട്.

3. ഈ സാഹചര്യത്തിൽ പരവൂർ നഗരസഭയിലെ പ്ലാൻ സെക്ഷൻ ക്ലർക്ക് ശ്രീ.ആർ.കുമാർ-നെതിരെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കണ്ടെത്തിയ ക്രമക്കേടുകളിൽ വിശദമായ അന്വേഷണം നടത്തി 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കൊല്ലം റീജിയണൽ ജോയിന്റ് ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യൂ
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊല്ലം (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ